സഹകരണബാങ്കിന്റെ കാർഷിക മേഖലയിലെ പ്രവർത്തനം

26 (*205)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സഹകരണബാങ്കുകൾ സംസ്ഥാനത്തിലെ ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്കാണ് മുൻകൂർ വായ്പ നൽകുന്നത്;

(ബി) നാളികേര കൃഷിക്കാർക്ക് കേരഫെഡ് സഹകരണ സ്ഥാപനങ്ങൾ മുഖേന നൽകിയിരുന്ന വായ്പ ഇപ്പോൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) കാർഷിക മേഖലയിലെ വൻ വ്യവസായങ്ങൾക്ക് സഹകരണ ബാങ്ക് വായ്പ അനുവദിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ) :

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും സഹകരണ ബാങ്കുകൾ മുൻകൂർ വായ്പ കൃഷിക്കാർക്ക് നൽകി വരുന്നുണ്ട്.

(ബി) നാളികേര കൃഷിക്കാർക്ക് കേരഫെഡ് സഹകരണസ്ഥാപനങ്ങൾ മുഖേന ഇതുവരെ വായ്പ അനുവദിച്ചിട്ടില്ല. എന്നാൽ കേരഫെഡിന് കൊപ്ര സംഭരിച്ച് നല്കുന്നതിനുവേണ്ടി അംഗങ്ങൾക്ക് 50,000 രൂപ മുതൽ 2 ലക്ഷം രൂപവരെ ഓഹരി മൂലധന സഹായമായി നല്കിയിട്ടുണ്ട്.

(സി) സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സംഭരണ-സംസ്കരണ വിപണനാവശ്യങ്ങൾക്കുവേണ്ടി സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ സംയോജിത വായ്പാ പദ്ധതിപ്രകാരം 20 ലക്ഷം രൂപ വരെ മൂലധനമുള്ള വ്യവസായങ്ങൾക്ക് 15 ലക്ഷം രൂപവരെ വായ്പ അനുവദിച്ചിട്ടുണ്ട്

ദേശീയ പാതകളുടെ വികസനം

27(*206)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേശീയ പാതകളുടെ വികസനത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളവയിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽനിന്നും അനുമതി കാത്ത് കിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതികൾക്ക് സാങ്കേതികാനുമതിയും സാമ്പത്തികാനുമതിയും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം ഗൗരവമായി കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾക്ക് പോലും അനുമതി ലഭിക്കുന്നില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly